## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമങ്ങൾ
## (ഹാജർ - പി.ആർ. സജികുമാർ)

വിഷയം :- തസ്വഭവ - സാങ്കേതിക വിഭാഗം- ശ്രീ .ഷുക്കൂർ. എം, രണ്ടാംതരം ഓവർസീയർ കണിച്ചാർ ഗ്രാമപഞ്ചായത്ത് / കേളകം ഗ്രാമപഞ്ചായത്ത് - അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന :-1) നം. എ1/25/2014 തീയതി 25.10 .14 - ലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത്.
2) ഈ ഓഫീസിലെ 14.11.2014 , 08.07.2015, 21.08.2015 എന്നീ തീയതികളിലെ ഇ20-10977/2014/സിഇ/എൽ.എസ്.ജി.ഡി നമ്പരിലുള്ള കാരണം കാണിക്കൽ നോട്ടീസ്
3) 2015 ഒക്ടോബർ 29 വ്യാഴദിവസം ഇ20-10977/2014/സിഇ/എൽ.എസ്.ജി.ഡി തീയതി 07.10.2015-ാം നമ്പർ ആയി മാധ്യമം പത്രത്തിൽ വന്ന കാരണം കാണിക്കൽ നോട്ടീസ്.

## ഉത്തരവ് നം. ഇ20-10977/2014/സിഇ/തസ്വഭവ തീയതി 08.02.2016

ശ്രീ. ഷുക്കൂർ. എം. നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം 09.03.1993 ലെ അഡ്വൈസ് നമ്പർ ആർ. ഐ. എ (5) 14143/90/ജി.ഡബ്ല്യു. പ്രകാരം ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരത്തിന്റെ ഉത്തരവ് നമ്പർ എ.ഡി.1(എ) 23087/90 തീയതി 03.06.1993 പ്രകാരം കെ.ഐ.പി, ഒ/എം സബ്ഡിവിഷൻ അടൂരിൽ 3-ാം ഗ്രേഡ് ഓവർസിയറായി നിയമിച്ചിട്ടുള്ളതാണ്. ടിയാൻ ഗവഃ ഉത്തരവ് ജി.ഒ(എം.എസ്) നം. 148/2008/എൽ.എസ്.ജി.ഡി തീയതി 27.05.2008 പ്രകാരം ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർ വിന്യസിക്കുകയും, തസ്വഭവ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് നം. ഇ6/2003/08/സി.ഇ./എൽ.എസ്.ജി.ഡി (2) തീയതി 05.07.2008 പ്രകാരം നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. തസ്വഭവ വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസിയറായി സേവനമനുഷ്ഠിച്ചിരുന്ന ടിയാന് തസ്വഭവ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് നമ്പർ ഇ5/7188/09/സി.ഇ./എൽ.എസ്.ജി.ഡി തീയതി 12.05.2010 പ്രകാരം 2-ാം തരം ഓവർസിയറായി പ്രമോഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കണിച്ചാർ ഗ്രാമപഞ്ചായത്തിൽ രണ്ടാം തരം ഓവർസിയറായി 09.02.2014 ന് ജോലിയിൽ പ്രവേശിച്ച ശ്രീ. ഷുക്കൂർ എം ന് , കേളകം ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ചാർജ് നൽകുകയും 17.06.2014 ന് അപരാഹ്നം മുതൽ ജോലിക്ക് ഹാജരായെങ്കിലും21.08.2014 മുതൽ അവധി അപേക്ഷ സമർപ്പിക്കാതെ ജോലിക്ക് ഹാജരാകാതിരിക്കുകയാണെന്നും കാരണം ബോധിപ്പിക്കാനായി അസിസ്റ്റന്റ് എഞ്ചിനീയർ, കേളകം ഗ്രാമപഞ്ചായത്ത് അയച്ച രജിസ്ട്രേഡ് കത്ത് 16.10.2014 ന് കൈപ്പറ്റാതെ മടങ്ങി വന്നു എന്നും സൂചന (1) പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ ടിയാന് ഈ ഓഫീസിൻ നിന്നും സൂചന (2) പ്രകാരം ടിയാന്റെ അറിയാവുന്ന മേൽവിലാസത്തിലേക്ക് കാരണം കാണിക്കൽ നോട്ടീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുഖേനയും, ടിയാന് നേരിട്ട് തപാൽ വഴിയും അയച്ചിരുന്നു. എന്നാൽ തപാൽ വകുപ്പ് അധികൃതർ Not Known എന്ന പരാമർശത്തോടു കൂടി ആയത് മടക്കി അയയ്ക്കുകയാണ് ഉണ്ടായത്. ഈ വിഷയങ്ങൾ കാണിച്ച് 1960 ലെ കേരളസിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ അനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സൂചന (3) പ്രകാരം പത്രദ്വാര നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. കാരണം ബോധിപ്പിക്കാൻ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസ സമയവും, നോട്ടീസ് പ്രകാരം നൽകിയിരുന്നു. ഈ സമയപരിധിക്കുള്ളിൽ കാരണം ബോധിപ്പിക്കാത്ത പക്ഷം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമെന്നും അറിയിച്ചിരുന്നു. ടി നോട്ടീസ് പ്രസിദ്ധീകരിച്ച്, അനുവദിച്ച സമയം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ ടിയാനെ 21.08.2014 മുതൽ മുൻകാല പ്രാബ്യലത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

ചീഫ് എൻജിനീയർ

ശ്രീ. ഷുക്കൂർ എം.
രണ്ടാംതരം ഓവർസിയർ
കണിച്ചാർ/കേളകം ഗ്രാമപഞ്ചായത്ത്
S/o മുസ്തഫ
വാഴയിൽ വീട്
നീർക്കുന്നം
ആലപ്പുഴ - 688005 (എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മുഖേന)

പകർപ്പ് :

1. ഗവഃ സെക്രട്ടറി, തസ്വഭവ, തിരുവനന്തപുരം (ഉപരിപത്രം ഉൾപ്പെടെ)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കണ്ണൂർ
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, ആലപ്പുഴ
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ (ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന്) ഉപരിപത്രം ഉൾപ്പെടെ
5. ഓഫീസി കോപ്പി / ഇ5 സെക്ഷൻ
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ.
7. വെബ്സൈറ്റ്.